പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ - 4684

23/07/2015 ൽ
മറുപടിയ്ക്ക്

## ഖാദി ഗ്രാമവ്യവസായ വകുപ്പിന്റെ സംരംഭകത്വ പദ്ധതി

ചോദ്യം
ശ്രീ.ആർ.രാജേഷ്

ഉത്തരം
ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഖാദി ഗ്രാമവ്യവസായ വകുപ്പ് തൊഴിൽ രഹിതരായ യുവാക്കൾക്ക് വേണ്ടി ആരംഭിച്ച സംരംഭകത്വ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ മന്ത്രാലയം 2008-09 മുതൽ ആവിഷ്കരിച്ച് നടപ്പി ലാക്കി വരുന്ന തൊഴിൽദായക പദ്ധതിയാണ് പി.എം.ഇ.ജി.പി (പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽ ദായക പദ്ധതി) ഖാദി കമ്മീഷനും ഖാദി ബോർഡും വ്യവസായ വാണിജ്യ ഡയറക്ടറേറ്റുമാണ് കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഗ്രാമങ്ങളിൽ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു കയും ചെയ്യുകയുമാണ് പദ്ധതിയുടെ ഉദ്ദേശ്യം. ചുരുങ്ങിയത് മൂന്ന് വർഷമെങ്കിലും ഫലപ്രദമായി നടത്തിയ വ്യവസായ സംരംഭകരിൽ ജനറൽ കാറ്റഗറിക്ക് മൊത്തം പദ്ധതി ച്ചെലവിന്റെ 25%വും പ്രത്യേക വിഭാഗങ്ങൾക്ക് 35%വും മാർജിൻ മണി ഗ്രാന്റായി അനുവദിക്കും.<br><br>സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് ഗ്രാമീണ മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കു ന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയും ഖാദി ബോർഡ് |

| | |
|---|---|
| | സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്ന പ്രത്യേക തൊഴിൽദായക പദ്ധതിയാണ് 'എന്റെ ഗ്രാമം'. മൂന്ന് വർഷമെങ്കിലും ഫലപ്രദമായി നടത്തുന്ന വ്യവസായ സംരംഭകരിൽ ജനറൽ കാറ്റഗറിക്ക് മൊത്തം പദ്ധതി ചെലവിന്റെ 25%വും പിന്നോക്ക വിഭാഗങ്ങൾക്കും സ്ത്രീകൾക്കും 30%വും പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 40%വും മാർജിൻ മണി ഗ്രാന്റായി അനുവദിക്കും. |
| (ബി) ഈ പദ്ധതിയനുസരിച്ച് എത്ര പേർക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ ? | (ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

*Rs. in Lakhs*

| Sl.No | District | PMEGP | | Ente Gramam | | Grand Total | |
|---|---|---|---|---|---|---|---|
| | | No. of Units | Subsidy | No. of Units | Subsidy | No. of Units | Subsidy |
| 1 | Trivandrum | 101 | 201.22 | 63 | 59.75 | 164 | 260.97 |
| 2 | Kollam | 150 | 348.86 | 93 | 60.75 | 243 | 409.61 |
| 3 | Pathanamthitta | 184 | 358.43 | 67 | 62.5 | 251 | 420.93 |
| 4 | Alappuzha | 202 | 488.93 | 111 | 124.5 | 313 | 613.43 |
| 5 | Kottayam | 213 | 546.75 | 97 | 81.25 | 310 | 628 |
| 6 | Idukki | 140 | 301.94 | 46 | 36 | 186 | 337.94 |
| 7 | Ernakulam | 222 | 623.93 | 73 | 78 | 295 | 701.93 |
| 8 | Thrissur | 217 | 522.43 | 57 | 62.25 | 274 | 584.68 |
| 9 | Palakkad | 118 | 340.16 | 60 | 66.75 | 178 | 406.91 |
| 10 | Malappuram | 137 | 324.45 | 64 | 63.75 | 201 | 388.2 |
| 11 | Kozhikode | 201 | 343.88 | 53 | 65 | 254 | 408.88 |
| 12 | Wayanad | 259 | 404.46 | 79 | 77.5 | 338 | 481.96 |
| 13 | Kannur | 181 | 339.95 | 119 | 112.5 | 300 | 452.45 |
| 14 | Kasargod | 180 | 310.31 | 70 | 77 | 250 | 387.31 |
| | **Grand Total** | **2505** | **5455.7** | **1052** | **1027.5** | **3557** | **6483.2** |

Section Officer